**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഷെൽഫ് ലൈഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ വാങ്ങുന്ന മരുന്നുകൾക്ക് എത്ര ശതമാനം ഷെൽഫ് ലൈഫ് വേണമെന്നാണ് ചട്ടം നിഷ്കർഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ; നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലെങ്കിൽ മരുന്ന് തിരികെ നൽകി കമ്പനിയിൽ നിന്ന് പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കെ.എം.എസ്.സി.എൽ മുഖേന വാങ്ങുന്ന മരുന്നുകൾ നിലവിൽ സംഭരണശാലകളിൽ വിതരണത്തിനെത്തിക്കുമ്പോൾ പ്രസ്തുത ഇനത്തിന്റെ ആകെ ഷെൽഫ് ലൈഫിന്റെ 75% എങ്കിലും വേണമെന്നാണ് ദർഘാസിൽ നിഷ്കർഷിച്ചിരിക്കുന്നത്. 75% ന് താഴെ ഷെൽഫ് ലൈഫുള്ള മരുന്നുകൾ മരുന്നു സംഭരണ വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്വെയറായ ഡി.ഡി.എം.എസ്. സോഫ്റ്റ്വെയർ (ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) മുഖേന സ്റ്റോക്കിൽ സ്വീകരിക്കാൻ സാധിക്കില്ല. അത്തരത്തിൽ വിതരണത്തിനെത്തുന്ന 75% ന് താഴെ ഷെൽഫ് ലൈഫുള്ള മരുന്നുകൾ സ്റ്റോക്കിൽ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ വിതരണക്കാർ തിരികെ എടുക്കാറുണ്ട്. എന്നാൽ ഏതെങ്കിലും മരുന്നിനത്തിന് അടിയന്തിര ആവശ്യം നേരിട്ടാൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 75% ന് താഴെ ഷെൽഫ് ലൈഫുള്ള മരുന്നുകളും ആവശ്യമായ അളവിൽ സ്റ്റോക്കിൽ എടുക്കാറുണ്ട്. |
| (ബി) | 2017 മുതൽ 2023 വരെയുള്ള കാലയളവിൽ എത്ര ബാച്ച് മരുന്നുകൾക്ക് ഇപ്രകാരമുള്ള ഷെൽഫ് ലൈഫ് ഇല്ലായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മരുന്നുകളുടെ സംഭരണവും വിതരണവും നടത്തുന്നത് ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മന്റ് സോഫ്റ്റ്വെയർ (ഡി.ഡി.എം.എസ്) മുഖാന്തിരമാണ്. ടി സോഫ്റ്റ്വെയർ മുഖാന്തിരം 75 % ഇൽ താഴെ ബാലൻസ് ഷെൽഫ് ലൈഫ് ഉള്ള മരുന്നുകൾ സാധാരണഗതിയിൽ ശേഖരത്തിലെടുക്കുവാൻ സാധ്യമല്ല. 2017 -2023 കാലയളവിൽ 81 ബാച്ചുകൾക്കു ഷെൽഫ് ലൈഫിൽ ഇളവ് വരുത്തി സ്റ്റോക്കിൽ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ മുഖ്യമായും കോവിഡ് മഹാമാരിയുമായി ബന്ധപെട്ടു സപ്ലൈചെയിൻ തടസപ്പെട്ടതിനാൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായാണ് ഷെൽഫ് ലൈഫിൽ ഇളവ് വരുത്തി സ്റ്റോക്കിൽ സ്വീകരിച്ചത്. മറ്റുള്ളവ പ്രസ്തുത ഇനങ്ങളുടെ സ്റ്റോക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി വേണ്ടിയായിരുന്നു. ഇങ്ങനെ ഇളവ് വരുത്തി നല്കിയ നടപടി കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സാധൂകരിച്ചിട്ടുള്ളതാണ്. |
| (സി) | ഷെൽഫ് ലൈഫ് ഇല്ലാത്ത മരുന്നുകൾ തിരികെ നൽകിയിരുന്നോയെന്നും എത്ര രൂപയാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴയായി ഈടാക്കുന്നതെന്നുമുള്ള വിശദാംശം നൽകാമോ? | (സി) | നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാത്തയിനം മരുന്നുകൾ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലൂടെ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ വിതരണക്കാർ തിരിച്ചെടുക്കാറുണ്ട്. ആയതിനാൽ നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാത്ത പേരിൽ പ്രത്യേകം പിഴ ഈടാക്കാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ